
# ഇന്നലെ നനഞ്ഞ മഴ

Abitha Kodungallur



# ഇന്നലെ നനഞ്ഞ മഴ

**First Edition**

**Author**
Abitha Kodungallur

**Title of the Book:** ഇന്നലെ നനഞ്ഞ മഴ

**First Edition - 2025**

**Copyright 2025 © Abitha Kodungallur**

No part of this book may be reproduced or transmitted in any form by any means, electronic or mechanical, including photocopy, recording or any information storage and retrieval system, without permission in writing from the copyright owners.

**Disclaimer**
The author is solely responsible for the contents published in this book. The publishers don't take any responsibility for the same in any manner. Errors, if any, are purely unintentional and readers are requested to communicate such errors to the authors or publishers to avoid discrepancies in future.

**E-ISBN: 978-93-7020-982-4**

**MRP Rs. 260/-**

**Publisher, Printer & Distributor:**
Selfypage Developers Pvt Ltd.,
Pushpagiri Complex,
Beside SBI Housing Board,
K.M. Road Chikkamagaluru, Karnataka.
Tel.: +91-8861518868
E-mail: info@iipbooks.com

**IMPRINT: IIP Iterative International Publishers**

**For Sales Enquiries:**
Contact: +91- 8861511583
E-mail: sales@iipbooks.com

## മങ്ങിയ കാഴ്ച്ചകൾ കണ്ടു മടുത്തു,
## കണ്ണടകൾ വേണം...
## കണ്ണടകൾ വേണം...

എന്ന സുന്ദരമായ കവിത കേട്ടട്ടില്ലേ? നമുക്ക് ചുറ്റുമുള്ളത് കാണാൻ മാത്രമല്ല ഭൂതകാലത്തിലേക്ക് ഇറങ്ങിച്ചെന്ന് അവിടെ യുണ്ടായിരുന്ന കാഴ്ച്ചകളെ അതേപടി ഒപ്പിയെടുക്കാനും ചിലപ്പോഴൊക്കെ കണ്ണടകൾ വേണം. അങ്ങനെയൊരു കണ്ണടയുമായി ഞാനെന്റെ ഭൂതകാലത്തിലേക്ക് ഇറങ്ങി ചെല്ലുന്നതാണ് ഇന്നലെ നനഞ്ഞ മഴ എന്ന രചന. എന്റെ കണ്ണടകൾ വളരെ തെളിച്ചമുള്ള കാഴ്ച്ചകൾ തന്നെയാണ് തന്നതെങ്കിലും ചിലപ്പോഴെങ്കിലും ചിലയിടങ്ങളെ, ചിലയാളുകളെ, ചില കാഴ്ച്ചകളെ, ചില മനസ്സുകളെ എന്നിൽ നിന്നും മറച്ച് പിടിക്കുകയോ അല്ലെങ്കിൽ അവ്യക്തമായ ചില ഓർമ്മകൾ മാത്രം സമ്മാനിക്കുകയോ ചെയ്തു.

കൊടുങ്ങല്ലൂർ, എറിയാട്, പുല്ലൂറ്റ്, നായ്ക്കുളം, നാരായണമംഗലം എന്നിവിടങ്ങളിലൂടെയൊക്കെയാണ് എന്റെ ജീവിതം മുന്നേറിക്കൊണ്ടിരിക്കുന്നത്. കൊടുങ്ങല്ലൂരിന്റെ മണ്ണിൽ വേരുകളാഴ്ത്തി, കടപുഴകി വീഴും വരെ ഇവിടെ തന്നെ ഞാനുണ്ടാകുമെന്നും.

ഇന്നലെ നനഞ്ഞ മഴ എന്ന രചന എന്റെ ആത്മകഥ തന്നെയാണ്. എങ്കിലും ചില വ്യക്തികളുടെ  പേരുകൾ, ചില സ്ഥലപ്പേരുകൾ എന്നിവയെല്ലാം വ്യാജമാണ്. സത്യം പൂർണ്ണമായും പറയാൻ കഴിഞ്ഞില്ലെങ്കിലും അസത്യം പറയരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. ഭാവന ചേർത്ത് നഗ്ന സത്യങ്ങളെ വളച്ചൊടിക്കാനും സുന്ദരമാക്കാനും ഞാൻ തയ്യാറല്ല. പണ്ട് മഹാഭാരത യുദ്ധം ധൃതരാഷ്ട്രരെ പറഞ്ഞ് കേൾപ്പിച്ചതുപോലെ, ഞാൻ കണ്ടതും എന്റെ മനസ്സിൽ പതിഞ്ഞതും സന്തോഷവും സങ്കടവും അതിനെല്ലാം പുറമെ തീരാത്ത വേദനയുമായും പൊറുക്കാൻ പറ്റാത്ത തെറ്റുമായും എന്റെയുള്ളിൽ ഇപ്പോഴും ജ്വലിച്ചുക്കൊണ്ടിരിക്കുന്ന ചില വേദനകൾക്ക്, ചില

മുഹൂർത്തങ്ങൾക്ക്, ചില മുഖങ്ങൾക്ക് അങ്ങനെയങ്ങനെയുള്ള പിന്നെയും കുറെ ചിലകള്ക്ക് വേണ്ടിയാണീ എഴുത്ത്.

ഒരു 15 വയസ്സുകാരിയുടെ മനസോടെയാണ് ഞാനിതെഴുതി തീർത്തത്. 30 വയസ്സുകാരിയുടെ പകഃതയോടെ ഇന്നലെകളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ അന്നത്തെ പല വേദനകളെയും പല തെറ്റുകളെയും ഏറെക്കുറെ കൗമാര ചാപല്യമായി തള്ളിക്കളയാനും ഇന്നെനിക്ക് പറ്റുന്നുണ്ട്.

ഇത് വായിച്ച് ആർക്കെങ്കിലും ദേഷ്യമോ വേദനയോ തോന്നിയെങ്കിൽ അവരോട് ഒന്നു മാത്രേ പറയാൻ ഒള്ളൂ, കഥയെ കഥയായി മാത്രം കാണുക. കഴിഞ്ഞു പോയ ജീവിതം ആണെങ്കിൽ കൂടി ഇപ്പോഴതിനൊരു പ്രസക്തിയുമില്ല. ഞാനറിയാവുന്ന പലരും പല വട്ടവും പല പല പേരുകളിലൂടെ അതല്ലെങ്കിൽ യഥാർത്ഥ പേരുകളിലൂടെ തന്നെ ഈ കഥയിലൂടെ കടന്ന് പോയിട്ടുണ്ടാവും. ആരെയും വേദനിപ്പിക്കാനോ ആരെയും സന്തോഷിപ്പിക്കാനോ ഞാൻ മുതിരുന്നില്ല. എല്ലാവരോടും എല്ലായ്പ്പോഴും സ്നേഹം മാത്രം... എന്റെ അമ്മയോട്, വീട്ടുകാരോട്... കൂടപ്പിറപ്പുകളോട്... അയൽക്കാരോട്... നാട്ടുകാരോട്... കൂട്ടുകാരോട്... എല്ലാവരോടും നിറഞ്ഞ സ്നേഹം മാത്രം. ഇന്നലെ നനഞ്ഞ മഴ എന്ന രചന കൊടുങ്ങല്ലൂർക്കാർക്ക് വേണ്ടി ഞാൻ സമർപ്പിക്കുന്നു. പുല്ലൂറ്റ് കെ.കെ.ടി.എം കോളേജിനടുത്തുള്ള നായ്ക്കുളം എന്ന ഗ്രാമത്തിലെ അമ്മ വീടും, എന്റെ അച്ഛന്റെ നാടായ എറിയാടും. ഇന്നലെ നനഞ്ഞ മഴ എന്ന രചന കൊടുങ്ങല്ലൂരിലെ ഈ രണ്ട് നാട്ടുകാർക്കായി പ്രത്യേകമായി ഞാൻ സമർപ്പിക്കുന്നു.

# നോവൽ സാഹിത്യത്തിലേക്കുള്ള പ്രവേശനമോ ?

മലയാള നോവൽ സാഹിത്യമിന്ന് വിഷയവൈവിധ്യവും വാമൊഴി ഭേദങ്ങളും പ്രാദേശിക സംസ്കാരങ്ങളും ഉൾക്കൊണ്ട് ചരിത്രത്തിന്റെ വലിയ മാനങ്ങൾ ആർജിച്ചിരിക്കുന്നു. വിബുദ്ധമായൊരു സാംസ്കാരികാവസ്ഥയുടെ പ്രതിഫലനമാണത്. നോവൽ പുതിയ കാലത്തിന്റെ ബൃഹദാഖ്യാനമാകുന്നത് അങ്ങനെയാണ്. പതിനെട്ടാം നൂറ്റാണ്ടിൽ ഈ ശാഖ പിറവിയെടുത്തപ്പോൾ മഹാകാവ്യങ്ങളുടെ പ്രാമാണികപദവിയാണ് നിഷ്പ്രഭമാക്കിയത്. ദേശത്തെയും കാലത്തെയും പ്രതിഫലിപ്പിക്കാൻ നോവലിന് കഴിയുന്നതു പോലെ മറ്റൊരു സാഹിത്യരൂപത്തിനു കഴിയുമോ? നോവൽ ഒരു സമാന്തര ദേശമോ സമാന്തര കാലമോ ആണ് സർഗാത്മകലോകത്ത് സൃഷ്ടിക്കുന്നത്.

ഒരാൾ നോവലെഴുത്തിലേക്ക് വരുന്ന വിധം എങ്ങനെയൊക്കെയോ ആകാം. കെ.സുരേന്ദ്രൻ എന്ന വിഖ്യാത നോവലിസ്റ്റ് നോവൽ രചനയിലേക്ക് എത്തിയ കഥ ഒട്ടൊക്കെ രസകരമാണ്. നിരവധി നോവലുകൾ എഴുതിയ ഒരാൾ. 2022 അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമായിരുന്നു. അക്കാദമി തറവാട്ടിൽ പോലും അതിന്റെ ഓർമ്മയുണർന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ എഴുത്തു ജീവിതം ഓർമ്മിപ്പിക്കപ്പെടേണ്ടതുണ്ട്.

പലതും എഴുതിയെഴുതിയാണ് അദ്ദേഹം നോവലിൽ എത്തിയത്. ആദ്യം ശ്ലോകങ്ങൾ, പിന്നെ, നാടകതർജമ. കഥ വന്നു. ലേഖനങ്ങൾ വന്നു. അതു എഴുതിയത് സ്വന്തം പേരിലല്ല. മിസ്സിസ് സരോജകുമാർ. എഴുത്തുകാരി മിസ്സിസ്സിനെ വായനക്കാരൻ അന്വേഷിച്ചു വന്നാലോ?

അന്വേഷിച്ചു വീട്ടിൽ വന്നപ്പോൾ എഴുത്തുകാരൻ കുഴങ്ങി. ഇതിനിടയിൽ നാടകവും നിരൂപണവും എഴുതി. നോവൽ തർജമയും നടത്തി. പിന്നീടാണ് അദ്ദേഹം തന്റെ ഇഷ്ട സാഹിത്യരൂപമായ നോവൽ രചനയിൽ എത്തിയത്.

കുറ്റിപ്പുഴ കൃഷ്ണപ്പിള്ളയുടെ വിചാരവിപ്ലവം എന്ന പ്രസിദ്ധ കൃതിയെ പറ്റിയാണ് നിരൂപണമെഴുതിയത്. അപ്പോഴേക്കും മിസ്സിസ്സ് സരോജകുമാർ സരോജകുമാർ ആയി മാറിയിരുന്നു. അന്നു കുററിപ്പുഴയിൽ നിന്നു ലഭിച്ച പ്രോത്സാഹനമാണ് അദ്ദേഹത്തിന് എഴുത്തിൽ ആത്മവിശ്വാസമുണ്ടാക്കിയത്. ആദ്യ നോവൽ താളം പിറന്നത് . അദ്ദേഹം ഉപബോധ മനസ്സിലിരുന്നാണ് എഴുതിയിരുന്നതു എന്നാണ് പറഞ്ഞിട്ടുള്ളത്. ബോധമനസ്സിന് സ്റ്റേജ് മാനേജരുടെ റോൾ മാത്രമേയുള്ളൂ. ഇത്രയും പറഞ്ഞത് ഒരാൾ നോവൽ എഴുത്തിലേക്കു വന്ന വിധം അറിയിക്കാനാണ്.

ഇത്രയും ആമുഖമായി പറഞ്ഞത് കെ.കെ. അബിത എന്ന എഴുത്തുകാരിയുടെ ആദ്യരചനയെ സഹൃദയസമക്ഷം അവതരിപ്പിക്കാനാണ്. അബിതയെ എനിക്കു പരിചയപ്പെടുത്തിയത് എന്റെ കേരളവർമ്മ കാമ്പസ് സുഹൃത്ത് കെ.വി. ജയൻ ആണ്. ഇന്നലെ നനഞ്ഞ മഴ എന്ന രചന ആത്മകഥ എന്നു വിശേഷിപ്പിക്കാനാണ് എഴുത്തുകാരിക്ക് ഇഷ്ടം. ആഖ്യാനത്തിൽ അതിന് ഫിക്ഷന്റെ രൂപം കൈവരുത്തിയിരിക്കുന്നു എന്നാണ് അവർ പറയുന്നത്. ഒരാൾ യൗവനാവസ്ഥയിൽ ആത്മകഥ എഴുതണമെങ്കിൽ അതിൽ വേദനാജനകമായ പലതിന്റെയും പ്രേരണയോ, നീക്കിബാക്കിയോ ഉണ്ടാകുമല്ലോ. അതിവിടെ ദൃശ്യമാണ്.

ആമുഖമായി അവർ വെളിപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ്; "സത്യങ്ങളെ വളച്ചൊടിക്കാനും,

സുന്ദരമാക്കാനും ഞാൻ തയ്യാറല്ല. പണ്ട് ഭാരതയുദ്ധം ധൃതരാഷ്ട്രരെ പറഞ്ഞുകേൾപ്പിച്ചതുപോലെ ഞാൻ കണ്ടതും, എന്റെ മനസ്സിൽ പതിഞ്ഞതും സന്തോഷവും സങ്കടവും അതിനെല്ലാം പുറമെ തീരാത്ത തെറ്റുമായും എന്റെ ഉള്ളിൽ ഇപ്പോഴും ജ്വലിച്ചു കൊണ്ടിരിക്കുന്ന ചില വേദനകൾക്ക്, ചില മുഹൂർത്തങ്ങൾക്ക്, ചില മുഖങ്ങൾക്ക് അങ്ങനെയങ്ങനെയുള്ള പിന്നെയും കുറെ ചിലകൾക്ക് വേണ്ടിയാണീ എഴുത്ത്." തന്റെ ജന്മനാടായ കൊടുങ്ങല്ലൂരിലെ ജനങ്ങൾക്കാണ് അബിത ഈ ആത്മകഥാപരമായ രചന സമർപ്പിച്ചിട്ടുള്ളത്. എനിക്കു തോന്നുന്നത് ഇതിനെ  നോവൽ എന്ന വിഭാഗത്തിൽ പെടുത്താമെന്നാണ്. ആത്മകഥാപരമായ നോവൽ എന്നാകുമ്പോൾ കുറച്ചു കൂടി ഔചിത്യമുണ്ടാകും.

അടുത്ത കാലത്ത് മലയാളത്തിൽ യുവാക്കളും ആത്മകഥ എഴുതുന്ന അവസ്ഥയുണ്ടായിട്ടുണ്ടല്ലോ. എഴുത്ത് വിപണീകരിക്കപ്പെടുന്നതിന്റെ ഭാഗമായി പത്രാധിപരുടെ വിഭവസമാഹരണ ആസൂത്രണത്തിന്റെ ഭാഗമായി ഉണ്ടായവയാണ് ഇത്തരത്തിലുള്ള ആദ്യ രചനകൾ. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കാലം സർഗാത്മകതയെയും അയത്നലളിതമാക്കിയിരിക്കുന്നു. അച്ചടിപ്പ് സാഹിത്യത്തെ ജനകീയമാക്കുകയാണോ സൂകര പ്രസവമാക്കുകയാണോ ? ഈ സന്ദർഭത്തിൽ അതേ പറ്റി പറയാനാകില്ല. കാലം എല്ലാറ്റിനെയും പട്ടികപ്പെടുത്തട്ടേ. എന്തായാലും രുദിതാനുസാരിയാണ് സാഹിത്യം. അതുകൊണ്ട് ഏതു എഴുത്തിനും സാഹിത്യ സാംസ്കാരിക മൂല്യമുണ്ട്.

അബിതയുടെ ജീവിതം അറിയുന്ന സുഹൃത്തുക്കൾക്ക് ഈ രചനകളെ വൻതോതിൽ പൂരിപ്പിക്കാനാകും. അവരുടെ മനസ്സിലും സഹൃദയരുടെയും മനസ്സിൽ ഈ എഴുത്തുകൾക്ക് ചില നേരവസ്ഥകളും സംവാദ - സംഘർഷങ്ങളും സൃഷ്ടിക്കാനായേക്കും. അതിന്റെ അനുരണനങ്ങൾ

മൂലമാണ് പ്രേരണകൾ മൂലമാണ് അബിത തിടുക്കപ്പെട്ടിത് പുസ്തകമാക്കുന്നത്.

**ഈ ഡി ഡേവീസ്**

# തോരാതെ പെയ്യുന്ന മഴമരങ്ങൾ

ഏറ്റവും നിശബ്ദമായ ഒരു രാത്രിയിലാണ് അബിതയുടെ ഇന്നലെ നനഞ്ഞ മഴ വായിച്ചു തീർത്തത്. പക്ഷേ ഉള്ളിലപ്പോഴും ഇടമുറിയാതെ മഴ തുടർന്നു. രണ്ടു തുരുത്തുകൾക്കിടയിൽ അരക്ഷിതമായിപ്പോയ കാറ്റിനെപ്പോലെ ഉള്ളു പതറി. ജീവിതത്തിന്റെ ആഴം അളക്കാൻ വർഷങ്ങളുടെ ആരക്കോലുകൾ അസ്ഥാനത്താണല്ലോ എന്ന് ജാള്യതയോടെ ഓർത്തു. ഈ പെൺകുട്ടി നടന്നു തീർത്ത ജീവിതമൊന്നും താനറിഞ്ഞതായിരുന്നതല്ല എന്ന് അതിശയപ്പെട്ട് കൈവിരലുകൾ മുറുകെ കോർത്തു പിടിച്ചു.

ഇന്നലെ നനഞ്ഞ മഴ ഒരു ആത്മകഥാഖ്യാനമാണെന്ന് വായനക്കാരന്/വായനക്കാരിക്ക് സാക്ഷ്യപ്പെടുത്താം. ഇതിൽ ആഖ്യായികക്കാരിക്ക് പേരില്ല. ഞാനെന്ന സ്വത്വത്തിന് ഉൾത്തോടിൽ അവൾ ഉൾപ്പെടുന്നു. പക്ഷേ ഈ അനുഭവങ്ങൾ എല്ലാവർക്കുമല്ലെങ്കിലും ആർക്കെങ്കിലുമൊക്കെ തന്റേതുകൂടിയെന്നു തോന്നുന്നതിൽ അപാകതയൊന്നുമില്ല. കാരണമില്ലാതെ അനാഥരാക്കപ്പെടുന്ന ഒരു പിടി മനുഷ്യരുടേതുകൂടിയാണല്ലോ ഈ ഭൂമി.

ഭാഷ നഷ്ടപ്പെട്ടു പോകുന്ന മനുഷ്യർക്കിടയിൽ നാട്ടുഭാഷയുടെ ഭരണി തുറന്നുവെക്കുന്നുണ്ട് അബിതയെന്ന എഴുത്തുകാരി. പുസ്തക ഭാഷയുടെ അച്ചുകൂടത്തിൽ നിന്ന് കുതറിയോടുന്ന വാമൊഴിക്കൂട്ടങ്ങൾ. തീരദേശത്തിന്റെ മണലിൽ കാലമർത്തി ഉപ്പുമണക്കുന്ന വർത്തമാനങ്ങൾ വിതറി എറിയാടിലെ മനുഷ്യർ കുളങ്ങളിലേക്ക് അതിരുകളോ വേലികളോ ഇല്ലാത്ത പറമ്പുകളിലൂടെ നടന്നു പോകുന്നു.

തിരിച്ചറിയാനാവും മുൻപേ അച്ഛനെ നഷ്ടപ്പെട്ട ഒരു കുഞ്ഞിന്റെ അരക്ഷിത അനാഥബാല്യത്തിലാണ് അബിത തുടങ്ങുന്നത്. അതുവരെ ഉണ്ടായിരുന്ന ജീവിതത്തിൽ ഏറെ കീഴ്മേൽ മറിഞ്ഞു പോയി അവളുടെ ഭൂമി. എഴുത്തുകാരി കൃത്യമായി അതു പറയുന്നുമുണ്ട്. അവൾക്കു ചുറ്റുമുള്ള ലോകം പഴയപടി സഞ്ചരിച്ചിട്ടും അവളുടെ ലോകം മാത്രം അതുപോലെയായില്ല. അച്ഛനൊരു ബ്ലാക്ക് ആന്റ് വൈറ്റ് പടമായി ചുമരിലൊതുങ്ങിയതിനു ശേഷം ഒരു സമ്മാനപ്പൊതിപോലും വഴിതെറ്റി വന്നിട്ടില്ല. എയ്യാടെന്ന് അവൾ വിളിക്കുന്ന അച്ഛന്റെ നാട്ടിൽ നിന്ന് നായ്ക്കുളമെന്ന അമ്മയുടെ നാട്ടിലേക്ക് മാറിയപ്പോഴും അച്ഛനില്ലായ്മ ഒരു വലിയ ശൂന്യതയായി ജീവിതത്തിൽ മുഴച്ചു നിൽക്കുന്നു. അതു തീർക്കാൻ അമ്മക്കോ അമ്മൂമ്മക്കോ മാമനോ കഴിയുന്നില്ല. അത് വെറും സാമ്പത്തിക സുരക്ഷിതത്വത്തിൽ ഒതുങ്ങുന്നില്ല. SSLC ബുക്കിലെ വീട്ടുപേരിലും അപ്പുവിൽ നിന്ന് രക്ഷപ്പെടാനുള്ള തത്രപ്പാടിലും അവളനുഭവിക്കുന്ന ആ അരക്ഷിതാവസ്ഥ വ്യക്തമാണ്. ഒരാളുടെ അസാന്നിധ്യത്തിൽ മാത്രമാണ് അയാൾ എന്താണെന്ന് മറ്റുള്ളവർ അറിയുന്നത്.

വെറുതെ വായിച്ചു പോകാവുന്നൊരു പുസ്തകം എന്ന് എളുപ്പത്തിൽ തോന്നാമെങ്കിലും ഓരോ അടരിലും ഒരുപാട് വായനക്കുള്ള സാധ്യത തരുന്ന എഴുത്താണ് അബിതയുടേത്. ഏറ്റവും സുന്ദരമെന്ന് വിശേഷിപ്പിക്കുന്ന എയ്യാടിനെക്കുറിച്ച് പറയുമ്പോൾ എഴുത്തുകാരി രേഖപ്പെടുത്തുന്നതിങ്ങനെയാണ്. ഒഴുകാൻ കൊതിച്ചപ്പോഴൊക്കെ ഒരിടത്തു തന്നെ കെട്ടിക്കിടക്കുന്ന ഒരുപാട് ജീവിതങ്ങൾ ഇതിനുമുമ്പും ഉണ്ടായിരുന്നുവെത്രേ എയ്യാടിൽ.

അച്ഛന്റെ മരണത്തിനുശേഷം വിഭജിക്കപ്പെട്ട അവളുടെ ജീവിതത്തിൽ അവൾ അനുഭവിച്ച മാറ്റങ്ങൾ കേവലം

വൈയക്തികമായിരുന്നില്ല. മനുഷ്യനിൽ, മണ്ണിൽ, വായുവിൽ, വെള്ളത്തിൽ, ഭാഷയിൽ, ചുറ്റുമുള്ള ജീവിതങ്ങളിലൊക്കെ അതു പ്രകടമായിരുന്നു. അത് അവൾ അതുവരെ ജീവിച്ച സാഹചര്യത്തിൽ നിന്ന് തീർത്തും വ്യത്യസ്തമായിരുന്നു.

ഏയ്യാടിലെ മനുഷ്യരെപ്പോലെ അതിരുകളില്ലാത്തവരായിരുന്നില്ല നായ്ക്കുളം നിവാസികൾ. അവർ പൊക്കത്തിലും ഇറക്കത്തി ലുമെന്ന് വേറിട്ടു തന്നെ നിന്നു. കുഞ്ഞിക്കുളത്തിൽ നിന്ന് ശുദ്ധജലമെടുക്കാൻ കൂട്ടമായി നടന്ന അമ്മായിമാരും മനുവിന്റെ അമ്മയും താത്തയും പങ്കിട്ടെടുത്ത നൈർമല്യം പൈപ്പിൻ ചോട്ടിൽ വെള്ളത്തിന് കാവൽ നിന്ന നായ്ക്കുളത്തെ മനുഷ്യർക്കുണ്ടായില്ല. മണിയമ്മായിയുടെയും താത്തയുടെയും, സരസമ്മായിയുടെയും, മനുവിന്റെയും ലോകത്തു നിന്ന് ഏറെ വ്യത്യസ്തമായിരുന്നു വലിയമ്മയുടെയും സെക്കീൻത്തയുടെയും ലസിയുടെയുമൊക്കെ ലോകം സമകാലികലോകത്തിന്റെ പൊട്ടക്കണ്ണാടി ഇടക്കിടെ കാണിക്കുന്നുണ്ട് അബിത. വായിക്കാൻ ഏറെ ഇഷ്ടമുണ്ടായിരുന്ന അവൾക്കൊരിക്കലും പുസ്തകങ്ങൾ കിട്ടിയിരുന്നില്ല. നാട്ടിലെ വായനശാലയിൽ പെൺകുട്ടികൾക്ക് മെമ്പർഷിപ്പില്ല. അതു വേണമെന്ന് ആർക്കും തോന്നിയില്ല്ല.

ഈ പുസ്തകത്തിന്റെ ആദ്യം മുതൽ അവസാനം വരെ മനസ്സിൽ തറഞ്ഞു നിൽക്കുന്ന കഥപാത്രമാണ് അമ്മ. ഒരു പക്ഷേ അവൾ പോലും അമ്മക്കു ചുറ്റും കറങ്ങുന്ന ഗ്രഹങ്ങളിൽ ഒന്നായി പോകുന്നുണ്ട്. അച്ഛൻ മരണത്തിലേക്ക് പോയത് ഒരിക്കലും തനിച്ചായിരുന്നില്ല. കൂടെ അമ്മയുടെ ബാക്കി കിടക്കുന്ന നീണ്ട ജീവിതത്തിന്റെ വർണ്ണങ്ങളുമുണ്ടായിരുന്നു.

ഒരുപക്ഷേ ആ നഷ്ടപ്പെട്ട വർണ്ണങ്ങളായിരിക്കാം അവരെ അത്രയേറെ പരുക്കനാക്കിയത്. അച്ഛനില്ലാത്ത കുഞ്ഞുങ്ങൾക്ക് ജീവിക്കാൻ എളുപ്പമല്ല എന്ന തിരിച്ചറിവായിരിക്കണം ഒട്ടും മയമില്ലാതെ അവരോട് പെരുമാറാൻ അമ്മയെ പ്രേരിപ്പിച്ചത്. എന്നിട്ടും അവർ തോറ്റു പോകുന്നുണ്ട്. തന്റെ മകനെപ്പോലെ കണ്ട ഒരുവൻ തന്നോടും തന്റെ മകളോടും അപമര്യാദയായി പെരുമാറുമ്പോൾ, മകൾ കൈവിട്ടു പോകുമ്പോൾ ഏറ്റവും നിസ്സഹയായി അവർ നിൽക്കുന്നു.

ഈ മനുഷ്യരുടെ ജീവിതത്തിലെല്ലാം സാമാന്യമായി കാണാവുന്നത് ആർദ്രതയാണ്. ഇടക്കൊക്കെ മനുഷ്യ സഹജമായ തെറ്റുകളിലേക്കവർ പിടിവിട്ടുപോകുമ്പോഴും അതുകൊണ്ടുതന്നെ നമുക്ക് അവരെ വെറുക്കാനാവുന്നില്ല. അവരാ മഴ നനഞ്ഞു കൊണ്ടേയിരിക്കുന്നു. ആകാശം തോർന്നിട്ടും പെയ്തുകൊണ്ടേയിരിക്കുന്ന മഴമരങ്ങളുടെ താഴെ നനഞ്ഞു നിൽക്കുന്നു.

**അജിത ടി.ജി.**

# Table to Content


പാർട്ട് -01 .......................................... 1
പാർട്ട് -02 .......................................... 8
പാർട്ട് -03 .......................................... 15
പാർട്ട് -04 .......................................... 22
പാർട്ട് -05 .......................................... 30
പാർട്ട് -06 .......................................... 38
പാർട്ട് -07 .......................................... 46
പാർട്ട് -08 .......................................... 54
പാർട്ട് -09 .......................................... 62
പാർട്ട് 10 .......................................... 69
പാർട്ട് -11 .......................................... 77
പാർട്ട് -12 .......................................... 85
പാർട്ട് -13 .......................................... 92
പാർട്ട് -14 .......................................... 99
പാർട്ട് -15 .......................................... 107
പാർട്ട് -16 .......................................... 116
പാർട്ട് -17 .......................................... 124
പാർട്ട് -18 .......................................... 133
പാർട്ട് -19 .......................................... 140
പാർട്ട് -20 .......................................... 149
പാർട്ട് -21 .......................................... 156
പാർട്ട് -22 .......................................... 164
പാർട്ട് -23 .......................................... 172
പാർട്ട് -24 .......................................... 180
പാർട്ട് -25 .......................................... 188
പാർട്ട് -26 .......................................... 196
പാർട്ട് -27 .......................................... 204

പാര്ട്ട് -28.......................................................... 213
പാര്ട്ട് -29.......................................................... 222
പാര്ട്ട് -30.......................................................... 232

# രചയിതാവിനെക്കുറിച്ച്




**അബിത**

കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്) തൃശ്ശൂർ റീജിയണൽ ഓഫീസിൽ സ്റ്റെനോ ടൈപ്പിസ്റ്റ് ആണ്.

- അമ്മ -ബേബി കെ.കെ.
- സഹോദരങ്ങൾ - അബീഷ്, അരുൺ
- ഭർത്താവ് - രാധാകൃഷ്ണൻ എ.കെ.
- മക്കൾ - 1) അരാമിയ എ. ആർ (നാലാം ക്ലാസ്)
  - 2) അരാനിയ എ.ആർ (രണ്ടാം ക്ലാസ്)
- Mobile - +91 9745867665



Selfypage Developers Pvt Ltd

E-ISBN: 978-93-7020-982-4

9 789370 209824

MRP Rs. 260/-